**ഭരണഭാഷ-മാതൃഭാഷ**

DCE(A)/1/2022/HR CELL

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
ഫോൺ 0471-2322927
തീയതി 31/03/2023.

**സർക്കുലർ**

വിഷയം ജലസേചനം – ജീവനക്കാര്യം-ഓൺലൈൻ സംവിധാനത്തിലൂടെ സ്ഥലംമാറ്റവും നിയമനവും നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച്.

സൂചന

സൂചന ഉത്തരവുകൾ പ്രകാരം എല്ലാ വകുപ്പുകളിലും സ്ഥലം മാറ്റം സ്പാർക്ക് മുഖേന ഓൺലൈൻ ആയി നടപ്പിലാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ജലസേചന വകുപ്പിൽ ഈ വർഷത്തെ പൊതു സ്ഥലം സ്ഥലംമാറ്റം സ്പാർക്ക് മുഖേന ഓൺലൈൻ ആയി നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ആയതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഫിസുകളിലെയും ഡി.ഡി.ഓ.-മാർ **05/04/2023** നു മുൻപായി ഓഫീസിലെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് റെക്കോർഡ് പരിശോധിച്ച് (പേര്, തസ്തിക, ശമ്പള സ്കെയിൽ, ജനനത്തീയതി, സർവ്വീസ് ഹിസ്റ്ററി തുടങ്ങിയവ) കൃത്യത ഉറപ്പാക്കേണ്ടതാണ്.

എല്ലാ ചീഫ് എഞ്ചിനീയർമാരും തങ്ങളുടെ ഓഫീസിലെ ഡി.ഡി.ഓ.-മാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതും ഈ നിർദ്ദേശം നടപ്പിലാക്കിയ വിവരം **10/04/2023** തീയതിക്ക് മുൻപായി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും അതാത് ഓഫീസിലെയും അവരവരുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലെയും ഡി.ഡി.ഓ.-മാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകേണ്ടതും ഈ നിർദ്ദേശം നടപ്പിലാക്കിയ വിവരം ഓഫീസുകളുടെ പട്ടിക ഉൾപ്പെടെ **12/04/2023** തീയതിക്ക് മുൻപായി ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സ്റ്റേറ്റ് ലെവൽ ഓഫീസർ &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്

1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
2. എല്ലാ ഓഫിസുകളിലെയും ഡി.ഡി.ഓ.-മാർക്ക്
3. ഐ.റ്റി.സെൽ (പ്രസിദ്ധീകരണത്തിനായി നൽകുന്നു)

ഉത്തരവിൻപ്രകാരം

Deepak

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(
(ഐ.റ്റി.സെൽ)

ഒ.എസ്സ്.